**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *49

13.01.2021 ൽ മറുപടിക്ക്

വ്യവസായസൗഹൃദ സംസ്ഥാനമാക്കാനുള്ള നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ .കെ .എൻ .എ. ഖാദർ**<br>**ശ്രീ . ടി. വി. ഇബ്രാഹിം**<br>**ഡോ.എം.കെ . മുനീർ**<br>**ശ്രീ എൻ. എ. നെല്ലിക്കുന്ന് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായസൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം 28-ാം സ്ഥാനത്താണെന്ന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങളാണ് EoDB. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻറ് പ്രമോഷൻ (ഡി.ഐ.പി.പി) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള റാങ്ക് നിര്ണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്. കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെ സ്ഥാനം നിര്ണ്ണയിക്കുന്നത്.<br>2017 ലെ DPIIT നടപ്പിലാക്കിയ EoDB റാങ്കിംഗിൽ 372 ആക്ഷൻ പോയിന്റുകളാണ് ഉണ്ടായിരുന്നത്. പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 21 |
| (ബി) | വ്യവസായസൗഹൃദമാക്കാനുള്ള നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | | |

രുപയായിരുന്നു. ഇത് മുൻ വർഷത്തേക്കാൾ 17.8 % വർദ്ധനയാണ്.

2019 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിൻറെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു.

Business Reform Action Plan (BRAP) സംബന്ധിച്ച പ്രാരംഭഘട്ടത്തിൽ സംസ്ഥാന /കേന്ദ്രഭരണ പ്രദേശങ്ങൾ പിന്തുടരുന്നതിനായി DPIIT ഒരു നടപ്പാക്കൽ ഗൈഡും ഫീഡ് ബാക്ക് രീതിയും ഇറക്കിയിരുന്നു.

DPIIT പുറപ്പെടുവിച്ച നടപ്പാക്കൽ മാർഗ്ഗനിർദ്ദേശങ്ങളും, ഫീഡ്ബാക്ക് രീതിയിൽ Document Section I ൽ ഇപ്രകാരം പറയുന്നു.

" DPIIT സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും റാങ്ക് നിർണ്ണയിക്കുന്ന നടപടി ഉണ്ടാവില്ല. പകരം അവയെ താഴെ പറയും പ്രകാരമുള്ള തരംതിരിക്കൽ സമ്പ്രദായം നിലവിൽ വരുത്തിയിട്ടുണ്ട്".

i. 95% ഉം അതിൽ കൂടുതലും സ്കോറിംഗ് നേടുന്നവരെ Top Achievers

ii. 90% ഉം അതിൽ കൂടുതലും സ്കോറിംഗ് എന്നാൽ 95% ൽ താഴെ നേടുന്നവരെ Achievers

iii. 80% ഉം അതിൽ കൂടുതലും സ്കോറിംഗ് എന്നാൽ 90% ൽ താഴെ നേടുന്നവരെ **Fast Movers** എന്നും

| | | |
|---|---|---|
| | | iv. 80% ൽ താഴെ സ്കോർ നേടുന്നവരെ Aspiers എന്നും വേർതിരിക്കുന്നു.<br>എന്നിരുന്നാലും, ഓരോ സംസ്ഥാനവും / കേന്ദ്ര ഭരണ പ്രദേശവും നേടിയ സ്കോർ DPIIT വെളിപ്പെടുത്തുകയും പരിഷ്കരണമനുസരിച്ച് ഓരോ വിഭാഗത്തിലുമുള്ള (സംസ്ഥാനങ്ങൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ) സ്കോർ പട്ടിക വെളിപ്പെടുത്തുകയും ചെയ്യും.<br>Guidelines ലെ സെക്ഷൻ M ൽ പറയും പ്രകാരം " "8 നോർത്ത് ഈസ്റ്റ് സ്റ്റേറ്റുകളുടെയും / legislature ഇല്ലാത്ത 5 കേന്ദ്ര ഭരണ പ്രദേശങ്ങളെയും DPIIT യ്ക്ക് പ്രത്യേകമായി അന്തിമ വർഗ്ഗീകരണം നടത്താം"<br>കേന്ദ്രസർക്കാരിന്റെ DPIIT പ്രസിദ്ധീകരിച്ച ഫീഡ് ബാക്ക് രീതി പ്രകാരം - "കഴിഞ്ഞ വർഷം (BRAP 2017-18) അല്ലെങ്കിൽ നടപ്പുവർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തന പരിഷ്കരണ പോയിൻറ് അറിഞ്ഞതിനുശേഷമേ (ഫീഡ്ബാക്ക് സ്കോറിന്റെ അടിസ്ഥാനത്തിൽ മാത്രം തിരിച്ചറിഞ്ഞാൽ മാത്രമേ ) സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും തരംതിരിക്കുകയുള്ളൂ". ഇത് എത്രമാത്രം ശരിയായി നടപ്പിലാക്കാൻ കഴിയും എന്ന സംശയം ഉളവാക്കുന്നതാണ്. ഉദാഹരണത്തിന് റാങ്കിംഗിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന ഒരു കേന്ദ്രഭരണ പ്രദേശം. EoDB വെബ്സൈറ്റ് അനുസരിച്ച് അവരുടെ നടപ്പാക്കൽ നിലയിൽ പൂജ്യം പരിഷ്കാരങ്ങൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് കാണുന്നു.<br>BRAP റാങ്കിംഗ് 2018-19 ൽ "നടപ്പാക്കൽ മാർഗ്ഗനിർദ്ദേശവും ഫീഡ് ബാക്ക് രീതിയും" നൽകിയിരിക്കുന്ന മുഴുവൻ രീതിയും പാലിക്കപ്പെട്ടിട്ടില്ല എന്നുമാത്രമല്ല, ഫീഡ് ബാക്ക് ശേഖരണം നടപ്പിലാക്കിയത് വേണ്ടത്ര |

| | | | |
|---|---|---|---|
| | | | സുതാര്യതയോടെയല്ലയെന്നും തെളിയുന്നു. മൊത്തത്തിൽ. സംസ്ഥാനങ്ങളുടെ / കേന്ദ്രഭരണ പ്രദേശങ്ങളുടെ നിക്ഷേപ കാലാവസ്ഥ വിശകലനം ചെയ്യുമ്പോൾ പല അടിസ്ഥാന യാഥാർത്ഥ്യങ്ങൾ കൂടി BRAP പ്രക്രിയയിൽ പരിഗണിക്കേണ്ടതുണ്ട്.<br><br>ഇന്ത്യ ഒരു ഫെഡറൽ രാജ്യമാണെന്നും ഓരോ സംസ്ഥാനത്തിനും / കേന്ദ്ര ഭരണ പ്രദേശത്തിനും അതിന്റേതായ ശക്തിയുണ്ടെന്നും എന്നാൽ ഭൂമിശാസ്ത്രപരവും ജനസംഖ്യാശാസ്ത്രപരവും പാരിസ്ഥിതികവുമായ ആവാസവ്യവസ്ഥയിൽ നിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ / കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവ് കോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലയെന്ന് കാട്ടി സംസ്ഥാനം പല തവണ DPIIT ക്ക് കത്തയച്ചിട്ടുണ്ട്.<br><br>താഴെ പറയുന്ന യാഥാർത്ഥ്യങ്ങൾ കൂടി ഈ റാങ്ക് നിർണ്ണയത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്.<br>(a) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യാവസായികവൽക്കരണത്തിന്റെ വിവിധ തലങ്ങളിലാണ്. അതിനാൽ വ്യവസായവൽക്കരണത്തിൽ ശക്തമായ തുടക്കം കുറിച്ച സംസ്ഥാനങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതിൽ യുക്തിയില്ല.<br>(b) കേരളം ഒരു ചെറിയ സംസ്ഥാനമായതിനാലും, ജനസംഖ്യയുടെ സാന്ദ്രത കൂടിയതിനാലും വ്യാവസായിക /ബിസിനസ് ആവശ്യങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യത പരിമിതമാണ്<br>(c) കേരളം. ഒരു വശത്ത് വനമേഖല (പരിസ്ഥിതി ദുർബലവും ലോലവുമായ പ്രദേശങ്ങൾ). മറുവശത്ത് തീരദേശ മേഖലയുമാണ്. ഉയർന്ന റാങ്കിലുള്ള വലിയ സംസ്ഥാനങ്ങളുടെ നിലവാരം പരിഗണിക്കുന്ന അതേ മാനദണ്ഡം ഉപയോഗിച്ച് സംസ്ഥാനത്തെ വ്യവസായ പുരോഗതി അളക്കാൻ കഴിയില്ല. വ്യാവസായിക ആവശ്യങ്ങൾക്കായി തരംതിരിക്കാൻ കഴിയാത്ത. വിപുലമായ തണ്ണീർ തടങ്ങളും (wet land) നെൽകൃഷി സ്ഥലങ്ങളുടെയും ( paddy land ) അളവുകൾ റാങ്കിംഗിൽ |

കണക്കാക്കപ്പെട്ടിട്ടില്ല

(d) 30% ന് മുകളിൽ വലിയ വനമേഖലയുള്ള കേരളത്തിൽ വിപുലമായ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, സങ്കേതങ്ങൾ തുടങ്ങിയവയുണ്ട്. വലിയ ഭൂപ്രദേശങ്ങളുടെ ലഭ്യതയെ ഇത് പരിമിതപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ റാങ്കിംഗ് നിർണ്ണയ വേളയിൽ പരിഗണിക്കപ്പെടേണ്ടതായിരുന്നു.

(e) കേരളത്തിലെ ജനങ്ങൾ വളരെ സാക്ഷരരും പാരിസ്ഥിതിക പ്രശ്നങ്ങളോട് വളരെ വികാരപരമായി പ്രതികരിക്കുന്നവരുമാണ്. ഹരിത സംരക്ഷണം, മലിനീകരണ നിർമ്മാർജ്ജനം, നെൽ കൃഷിക്കുള്ള ഭൂമി പരിവർത്തനം ചെയ്യാൻ കഴിയാത്ത അവസ്ഥ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ പൊതുജന പ്രക്ഷോഭത്തിലേക്ക് നയിക്കപ്പെടും.

(f) റാങ്കിംഗ് പാരാമീറ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള - നിരവധി പരിഷ്കരണ മേഖലകൾ- ഭൂവിനിയോഗ മാറ്റം, boiler manufacturer/ erector etc. കേരളത്തിന്റെ ബിസിനസ് സാഹചര്യങ്ങളിൽ സാധ്യമല്ല.

(g) സംസ്ഥാനം വളരെ നേട്ടങ്ങൾ കൈവരിച്ച പ്രധാന മേഖലകളായ ടൂറിസം, ഐടി, പ്ലാന്റേഷനുകൾ, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയുടെ പുരോഗതികൾ പരാമീറ്ററുകളിൽ പരിഗണിച്ചിട്ടില്ല.

സംസ്ഥാനത്തെ വളരെ അനുപമമായതും, ഉയർന്നതുമായ സാഹചര്യങ്ങൾ യാഥാർത്ഥ്യ ബോധത്തോടെ, റാങ്കിംഗ് നിർണ്ണയത്തിൽ കണക്കാക്കേണ്ടിയിരുന്നു.

സെക്ഷൻ ഓഫീസർ